## പതിനാലാം കേരളനിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം: *398 14.11.2019 -ൽ മറുപടിയ്ക്ക്**

**ഭവനനിർമ്മാണ നയം പരിഷ്കരിക്കുന്നതിന് നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ. എ.പി. അനിൽ കുമാർ<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. അനൂപ് ജേക്കബ് : | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(ബഹു. റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) നവകേരള നിർമ്മാണവുമായി ബന്ധപ്പെട്ട് ചെലവുകുറഞ്ഞ വീട്, ഹരിത ഭവനങ്ങൾ തുടങ്ങിയ ആശയങ്ങൾ പൊതുജനങ്ങളിൽ എത്തിക്കുന്നതിന് ഭവന നിർമ്മാണ വകുപ്പ് വഹിക്കുന്ന പങ്ക് വ്യക്തമാക്കുമോ; | (എ) നവകേരള നിർമ്മാണത്തിനായി സംസ്ഥാന ഭവന നിർമ്മാണ വകുപ്പ്, സംസ്ഥാന ഭവന നിർമ്മാണ ബോർഡ്, സംസ്ഥാന നിർമ്മിതി കേന്ദ്രം, ജില്ലാ നിർമ്മിതി കേന്ദ്രങ്ങൾ, കൊച്ചിൻ യൂണിവേഴ്സിറ്റി, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി കോഴിക്കോട്, കാസർഗോഡ് സർക്കാർ എഞ്ചിനീയറിംഗ് കോളേജ്, വൊക്കേഷണൽ ഹയർ സെക്കന്ററി ഡയറക്ടറേറ്റ് എന്നിവയുടെ സഹകരണത്തോടുകൂടി നവകേരളത്തിന് പുതിയ ഭവന സാക്ഷരത എന്ന വിഷയത്തിൽ ഏകദിന സെമിനാർ/എക്സിബിഷൻ 2018-19 സാമ്പത്തിക വർഷത്തിൽ 9 ജില്ലകളിൽ സംഘടിപ്പിച്ചിട്ടുണ്ട്.<br><br>നവകേരള നിർമ്മാണവുമായി ബന്ധപ്പെട്ട് ചെലവുകുറഞ്ഞ വീട്, ഹരിത ഭവനങ്ങൾ തുടങ്ങിയ ആശയങ്ങൾ പൊതുജനങ്ങളിലെത്തിക്കുന്നതിന് ഹൗസിംഗ് കമ്മീഷണറേറ്റ് 2018-19 ലെ "Promotion of Innovative Building Technologies & Housing Literacy Programme" എന്ന പദ്ധതിയിലൂടെ സെമിനാറുകൾ എക്സിബിഷനുകൾ എന്നിവ നടപ്പിലാക്കിയിട്ടുണ്ട്.<br><br>ചെലവു കുറഞ്ഞ ഭവന നിർമ്മാണ സങ്കേതങ്ങളും ബദൽ വികസന കാഴ്ചപ്പാടും പരിചയപ്പെടുത്തുകയും പഠിപ്പിക്കുകയും ചെയ്ത ശ്രീ ലാറിബേക്കറുടെ സ്മരണാർത്ഥം 2019 മാർച്ച് 4, 5 തീയതികളിൽ തിരുവനന്തപുരം കനകക്കുന്ന് കൊട്ടാരത്തിൽ വച്ച് നിർമ്മാണ മേഖലയിൽ ബദൽ സാങ്കേതിക വിദ്യകൾ, ഊർജ്ജ സംരക്ഷിത ഭവനങ്ങൾ, നവകേരള നിർമ്മാണത്തിൽ ബദൽ സാങ്കേതിക വിദ്യ ഏതെല്ലാം മേഖലകളിൽ എങ്ങനെയൊക്കെ |

പ്രയോജനപ്പെടുത്തണം എന്നിങ്ങനെ വിവിധ ചർച്ചകൾ, സെമിനാറുകൾ, പ്രഭാഷണങ്ങൾ എന്നിവ കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ ചുമതലയിൽ സംഘടിപ്പിക്കുക യുണ്ടായി. വിവിധ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വിദഗ്ധർ, സാധാരണക്കാർ എന്നിവർ വികസിപ്പിച്ചെടുത്ത വിവിധ ബദൽ സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള നിർമ്മാണ ശൈലികളുടെ പ്രദർശനവും സംഘടിപ്പിച്ചിരുന്നു.

(ബി) നിലവിലുള്ള ഭവനനയം പരിഷ്കരി ക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊ ക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിലെ പാർപ്പിടനയത്തിന് (2011) കാലാനുസൃതമായ മാറ്റങ്ങൾ വരുത്തുന്നതിനും പാർപ്പിട നയം പരിഷ്കരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഇതിലേയ്ക്കായി രണ്ട് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. കമ്മിറ്റി 12/02/2019-ന് യോഗം കൂടിയിരുന്നു. പ്രസ്തുത യോഗത്തിൽ എല്ലാ കമ്മിററി അംഗങ്ങളും 2011-ലെ പാർപ്പിട നയം വിശദമായി പഠിച്ച് ആശയങ്ങളും/ശുപാർശകളും ലഭ്യമാക്കാനും ആയത് അടുത്ത പാർപ്പിട നയം പരിഷ്കരിക്കുമ്പോൾ പരിഗണിക്കാനും തീരുമാനിച്ചു. അടുത്ത യോഗം കൂടുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(സി) 2018-ലും 2019-ലുമുണ്ടായ പ്രളയത്തിന്റെ പശ്ചാത്തലത്തിൽ ഭവന നിർമ്മാണ സങ്കല്പങ്ങളെ കാലോചിതമായി പരിഷ്കരിക്കണ മെന്ന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള നടപടി ഏത് ഘട്ടത്തിലാണ്;

(സി) 2018 ലും 2019 ലും ഉണ്ടായ പ്രളയത്തിന്റെ പശ്ചാത്തലത്തിൽ ഭവന നിർമ്മാണ സങ്കല്പങ്ങളെ കാലോചിതമായി പരിഷ്കരിക്കുന്ന തിന്റെ ഭാഗമായി കേരള ബിൽഡിംഗ് കോഡ് രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആയതിലേയ്ക്കായി സർക്കാർ സാങ്കേതിക വിദഗ്ധരുടെ ഒരു കമ്മിറ്റി രൂപീകരിച്ച് 28/10/2019-ൽ ഉത്തരവായിട്ടുണ്ട്. കൂടാതെ 2019-20 സാമ്പത്തിക വർഷത്തിൽ "കേരള കാലാവസ്ഥാ പ്രതികരണ ഭവന രൂപകല്പന പ്രചരണ പരിപാടി"യ്ക്ക് ഭരണാനുമതി നൽകി തുടർ നടപടികൾ സ്വീകരിച്ച് വരികയും ചെയ്യുന്നു.

തോട്ടം തൊഴിലാളികൾക്കുവേണ്ടി കുമളിയിൽ RMD Technology (RAPID MONOLITHIC DISASTER PROOF TECHNOLOGY) ഉപയോഗിച്ചും Disaster resistant construction-ന് വേണ്ടി LGSF Technology (LIGHT GAUGE STEEL FRAMING TECHNOLOGY) ഉപയോഗിച്ചും നിർമ്മാണ പ്രവൃത്തികൾ നടത്തുവാൻ ഉദ്ദേശിക്കുന്നു.

പശ്ചിമഘട്ടത്തിലുണ്ടായ ഉരുൾപൊട്ടൽ മൂലം പാറമടകളുടെ പ്രവർത്തനം നിയന്ത്രിച്ചും അതിനെ തുടർന്ന് പരമ്പരാഗത കെട്ടിട നിർമ്മാണ

സാമഗ്രികളായ കരിങ്കല്ല്, ചല്ലി തുടങ്ങിയവയുടെ ദൗർലഭ്യം പുനരധിവാസ പ്രവർത്തനങ്ങളെ സാരമായി ബാധിച്ചിട്ടുണ്ട്. ഇതിനെ തുടർന്ന് പരമ്പരാഗത ശൈലിയിലുള്ള കെട്ടിട നിർമ്മാണ രീതിക്കൊപ്പം ബദൽ സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനം (പ്രീ ഫാബ് നിർമ്മിതികൾ) നടത്തുന്നതിന് തീരുമാനം എടുക്കുകയും ഇതുപയോഗിച്ചുള്ള പുനരധിവാസ പ്രവർത്തനങ്ങൾ എല്ലാ ജില്ലകളിലും ഊർജ്ജിത മായി നടത്തുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തു വരുന്നു.

(ഡി) സർക്കാരിന്റെ ലൈഫ് പദ്ധതി യിൽ ഭവന നിർമ്മാണ ബോർഡിന് എന്തെങ്കിലും ചുമതല കൾ ഉണ്ടോ; ഇല്ലെങ്കിൽ സംസ്ഥാനത്തെ ഭവന നിർമ്മാണ ത്തിന്റെ ഏജൻസിയെ ഇതിൽ നിന്നും മാറ്റി നിർത്തുന്നത് എന്തുകൊണ്ടാണെന്ന് വെളിപ്പെടു ത്താമോ?

(ഡി) ഇല്ല.

സംസ്ഥാനത്തെ മുഴുവൻ അർഹതയുള്ള ഭൂമിയുള്ള ഭവന രഹിതർക്കും ഭൂരഹിത ഭവന രഹിതർക്കും വാസയോഗ്യമായ ഭവനം ലഭ്യമാക്കുന്നതിനു വേണ്ടിയാണ് ലൈഫ് മിഷൻ രൂപീകരിച്ചിട്ടുള്ളത്. ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കുന്നത് ഇതിലേയ്ക്കായി തയ്യാറാക്കിയിട്ടുള്ള മാനദണ്ഡ ങ്ങളുടേയും ക്ലേശ ഘടകങ്ങളുടേയും അടിസ്ഥാനത്തിലാണ്. കുടുംബശ്രീ മുഖേന സർവ്വെയിലൂടെ കണ്ടെത്തിയ ഗുണഭോക്താക്കളെ തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ പരിശോധന നടത്തി ഗ്രാമസഭ/വാർഡു സഭ അംഗീകരിച്ചാണ് അന്തിമ ഗുണഭോക്താക്കളെ കണ്ടെത്തുന്നത്. ഇത്തരത്തിൽ കണ്ടെത്തിയ ഗുണഭോക്താക്കൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപന വിഹിതവും ഹഡ്കോ ലോണും, സംസ്ഥാന സർക്കാർ വിഹിതവും ലഭ്യമാക്കി ഗുണഭോക്താക്കൾ തന്നെ ഭവന നിർമ്മാണം പൂർത്തിയാക്കുന്നു.

ഭൂരഹിത ഭവന രഹിതർക്ക് ഭവന സമുച്ചയങ്ങൾ വഴിയാണ് ഭവനം നൽകുന്നത്. ഭവന സമുച്ചയങ്ങൾ ലൈഫ് മിഷൻ മുഖേനയാണ് നിർമ്മിക്കുന്നത്. ഇത്തരത്തിൽ സമയബന്ധിതമായി പദ്ധതി നടപ്പിലാക്കുന്നതിനാണ് സർക്കാരും ലൈഫ് മിഷനും ലക്ഷ്യമിട്ടിട്ടുള്ളത്.

സെക്ഷൻ ഓഫീസർ